**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 658 — 04.03.2020-ൽ മറുപടിക്ക്

**പട്ടികജാതി -പട്ടികവർഗ്ഗ വികസനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ചിറയം ഗോപകുമാർ**<br>**,, കെ. രാജൻ**<br>**ശ്രീമതി സി.കെ. ആശ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി -പട്ടികവർഗ്ഗ വികസനത്തിൽ ഊന്നൽ നൽകിവന്നിരുന്ന മേഖലകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | എ) | പട്ടികജാതി വിഭാഗക്കാരുടെ വിദ്യാഭ്യാസ, സാമ്പത്തിക വികസന, സാമൂഹിക ക്ഷേമ, സാംസ്കാരിക മേഖലകളിലെ സമഗ്ര വികസനത്തിനും നിയമാധിഷ്ഠിത സേവനങ്ങൾക്കുമാണ് പ്രധാനമായും ഊന്നൽ നൽകുന്നത്.<br><br>വിദ്യാഭ്യാസം, ഭവനം, ഭൂമി, തൊഴിൽ, ആരോഗ്യം, കൃഷി, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകൾക്കാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ഊന്നൽ നൽകുന്നത്. ടി മേഖലകളിൽ പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>• ഭവനരഹിതരായവർക്ക് ഭവന നിർമ്മാണം<br>• ഭൂരഹിതർക്ക് ഭൂവിതരണം, ഭൂമി വാങ്ങി നൽകൽ<br>• സമഗ്ര ആരോഗ്യ സുരക്ഷ<br>• ഭക്ഷ്യ സഹായം<br>• പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൻ<br>• വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ്<br>• സമ്പൂർണ്ണ വൈദ്യുതീകരണം<br>• കോളനികളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി<br>• വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് ഗോത്രസാരഥി പദ്ധതി |

| | | | |
|---|---|---|---|
| | | | • വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനായി സാമൂഹ്യ പഠനമുറി, ഗോത്ര ബന്ധു പദ്ധതികൾ<br>• പെൺകുട്ടികളുടെ ശാക്തീകരണത്തിനായി ഗോത്രവാത്സല്യ നിധി പദ്ധതി<br>• തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലനവും തൊഴിലും<br>• ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വികസനത്തിനുള്ള പി.കെ. കാളൻ കുടുംബ ക്ഷേമ പദ്ധതി<br>• ജീവനോപാധി /സ്വയം തൊഴിൽ പദ്ധതികൾ<br>• തൊഴിലുറപ്പ്<br>• കാർഷിക വരുമാന ദായക പദ്ധതി |
| ബി) | ജനകീയാസൂത്രണവും പട്ടികജാതി – പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ഇടപെടലും ഈ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ഉണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ്, മുൻവർഷങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയും, തുടർന്ന് അംബേദ്കർ ഗ്രാമ പദ്ധതിയും നടപ്പിലാക്കി വരുന്നു. കൂടാതെ കുടിവെള്ളം, റോഡുകൾ, മറ്റു അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പ്, പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ ഊന്നൽ നൽകുന്ന പദ്ധതികളായ ഭവന നിർമ്മാണം, കോളനി വികസനം (അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി) എന്നിവയും നബാർഡ് (ആർ.ഐ.ഡിഎഫ്, കോർപ്പസ്) ഫണ്ടിൽ ഉൾപ്പെടുത്തി റോഡ്, പാലം കുടിവെള്ളം, കമ്മ്യൂണിറ്റി ഹാൾ മുതലായവയും നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**<u>ഭവനം</u>**<br><br>2011-12 മുതൽ 2015-16 വരെ അനുവദിച്ച 17605 വീടുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പ് മുഖേന 6792 വീടുകളും മുൻ വർഷങ്ങളിൽ അനുവദിച്ചതും 31.03.2016 വരെ പൂർത്തിയാകാത്തതുമായ 11084 വീടുകളും ലൈഫ് മിഷൻ മുഖേന പൂർത്തീകരിച്ചു. |

**ഹാംലറ്റ് വികസന പദ്ധതി**

ഹാംലറ്റ് വികസന പദ്ധതിക്കായി 2013-14, 2014-15, 2015-16 വർഷങ്ങളിലായി 31.27 കോടി രൂപ അനുവദിച്ചതിൽ 26.62 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2013-14 മുതൽ 2015-16 വരെ 46 കോളനികൾ ഏറ്റെടുത്ത് വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

**അഡീഷണൽ ട്രൈബൽ സബ് പ്ലാൻ പദ്ധതിയിലൂടെയുള്ള സമഗ്ര വികസന പദ്ധതി (എ.റ്റി.എസ്.പി)**

**എ.റ്റി.എസ്.പി** : അടിസ്ഥാന സൗകര്യങ്ങൾ, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ആരോഗ്യം, കുടിവെള്ളം, വൈദ്യുതി, ജീവനോപാധികൾ, വിദ്യാഭ്യാസം, നൈപുണ്യ വികസനവും പരിശീലനവും, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കാണ് ഈ പദ്ധതിയിൽ മുൻതൂക്കം നൽകുന്നത്.

**2014-15 (എ.റ്റി.എസ്.പി.)**

2014-15 സാമ്പത്തിക വർഷത്തിൽ എ.റ്റി.എസ്.പി നടപ്പിലാക്കുന്നതിനായി 150 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തി. പിന്നോക്കാവസ്ഥയിലുള്ള 14 ബ്ലോക്ക്/പഞ്ചായത്തുകളിലെ 134 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്തു.

**2015-16 (എ.റ്റി.എസ്.പി.)**

2015-16 വർഷത്തിൽ വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും 50 പട്ടികവർഗ്ഗ സങ്കേതങ്ങളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എ.റ്റി.എസ്.പി. 2014-15, 2015-16 എന്നീ വർഷങ്ങളിൽ ഏറ്റെടുത്ത പദ്ധതികൾ മന്ദഗതി യിലായതിന്റെ കാരണം പരിശോധിക്കുകയും അത്യാവശ്യമല്ലാത്തതും, നടപ്പിലാക്കാൻ സാധിക്കാ ത്തതുമായ പദ്ധതികൾ ഉപേക്ഷിച്ച് പദ്ധതി ഭേദഗതി ചെയ്താണ് നടപ്പിലാക്കി വരുന്നത്. വയനാട് ജില്ലയിൽ ഏറ്റെടുത്ത 24 കോളനികളിൽ 2 എണ്ണം ഉപേക്ഷിച്ച് 22 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ പദ്ധതികൾ പുരോഗമിച്ചു വരുന്നു. ദുർഘട പ്രദേശങ്ങളിലായതിനാൽ നിർമ്മാണ

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ ഉദ്ദേശിച്ച വേഗത്തിൽ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നു. എന്നിരുന്നാലും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആകെ 184 കോളനികളെ വികസനത്തിനായി തെരഞ്ഞെടു ത്തതിൽ 155 കോളനികളിൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**<u>അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി</u>**<br><br>അംബേദ്കർ സെറ്റിൽമെന്റ് ഡവലപ് മെന്റ് സ്കീം സംസ്ഥാനത്തെ പട്ടികവർഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ലക്ഷ്യമിടുന്നത്.<br><br>സങ്കേതങ്ങളിൽ അടിയന്തിരമായി വികസി പ്പിക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾ ക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാണ് കോളനി വികസനത്തിലൂടെ നടപ്പിലാക്കുന്നത്. ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടിക വർഗക്കാരുടെ പുനരധിവാസം എന്നിവ അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br><br>കോളനി വികസന പദ്ധതി പ്രകാരം 95 സങ്കേതങ്ങൾ തെരഞ്ഞെടുക്കുകയും അതിൽ 61 സങ്കേതങ്ങളുടെ പ്രവൃത്തി ആരംഭിക്കുകയും 3 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു.<br><br>**<u>നബാർഡ് ആർ.ഐ.ഡി.എഫ് 19,20</u>** :<br><br>നബാർഡിന്റെ ആർ.ഐ.ഡി.എഫ് 19,20 പദ്ധതിയിൽ ഉൾപ്പെടുത്തി 224 റോഡുകളും 5 പാലങ്ങളും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി യിട്ടുണ്ട്. അതിൽ നാളിതുവരെ 152 പ്രവൃത്തികൾ പൂർത്തീകരിച്ചു. 11 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ശേഷിക്കുന്നവയിൽ 36 പ്രവൃത്തികൾ വനാവകാശ നിയമപ്രകാരം ഫീസിബിലിറ്റി ലഭ്യമല്ലാത്തവയാണ്.<br><br>**<u>സമ്പൂർണ്ണ വൈദ്യുതീകരണം</u>**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട് എന്നിവ |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വൈദ്യുതീകരിക്കാത്ത എല്ലാ പട്ടികവർഗ്ഗ ഊരുകളും ഭവനങ്ങളും, 16 കോടി രൂപ ചെലവഴിച്ച്, വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു<br><br>**<u>പി.കെ കാളൻ കുടുംബസഹായ പദ്ധതി</u>**<br><br>ഊരുകളിലല്ലാതെ ചിന്നി ചിതറി വസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പി.കെ. കാളൻ കുടുംബ സഹായ പദ്ധതി. ഇത്തരം കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പാർപ്പിടം, ശുദ്ധജലം, വൈദ്യുതി, ശുചിത്വ പരിപാടികൾ, അംഗൻ വാടികൾ മുതലായവയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നു. ആലപ്പുഴ ജില്ലയിലും, പാലക്കാട് ജില്ലയിലുമുള്ള 250 പട്ടികവർഗ്ഗ കുടുംബങ്ങളിൽ നാളിതുവരെയായി പി.കെ. കാളൻ കുടുംബ സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| സി) | പട്ടികവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും മത്സരശേഷിയും പ്രാപ്തിയും വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | സി) | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി നഴ്സറി സ്കൂളുകൾ, എം.ആർ.എസ്സുകൾ, ഐ.റ്റി.ഐ.കൾ, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, മെഡിക്കൽ കോളേജ്, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, പ്രീ മെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവ പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടത്തിവരുന്നു. ഹൈസ്കൂൾ തലം മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടും കൂടിയ 'പഠനമുറി' പദ്ധതിയും നടപ്പിലാക്കിവരുന്നു. പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്ക് ലാപ്ടോപ്പും മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പും വാങ്ങുന്നതിനുള്ള സഹായം നൽകി വരുന്നു. ബിരുദ/ബിരുദാനന്തര കലാകോഴ്സുകളിൽ പഠിക്കുന്നവർക്ക് പഠന/പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം, ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്കുള്ള ധന സഹായം, വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം, സംസ്ഥാനത്തിന് പുറത്തും, വിദേശരാജ്യങ്ങളിലും പഠിക്കുന്നവർക്കുള്ള സഹായം, പാരലൽ കോളേജ് പഠനത്തിനുള്ള സഹായം, സിവിൽ സർവ്വീസ് എക്സാമിനേഷന് തയ്യാറെടുക്കുന്നതിനുള്ള പരിശീലനം എന്നിങ്ങനെ എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ/അർദ്ധ |

സർക്കാർ / സ്വകാര്യ ഇൻസ്റ്റിറ്റ്യൂട്ടുകളുമായി ചേർന്ന് തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ നടത്തുകയും അവർക്ക് സ്വദേശത്തും, വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളും പ്രസ്തുത സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു.

ഈ വിഷയത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

**<u>ഗോത്രബന്ധു പദ്ധതി</u>**

ഗോത്രബന്ധു - പട്ടിക വർഗത്തിൽപ്പെട്ട അധ്യാപക യോഗ്യതയുള്ള യുവതീ യുവാക്കളെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന - പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 241 പേരെ നിയമിച്ചു.

അട്ടപ്പാടിയിലെ 21 സ്കൂളുകളിൽ 26 മെന്റർ ടീച്ചർമാരെ ഈ പദ്ധതി പ്രകാരം നിയമിച്ചു. കൂടാതെ പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം ജില്ലകളിലായി 59 മെന്റർ ടീച്ചർമാർക്ക് നിയമനം നൽകുന്ന നടപടി സ്വീകരിച്ചു വരുന്നു.

പട്ടിക വർഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് കുറയ്ക്കുവാനും അഭ്യസ്തവിദ്യരായ പട്ടികവർഗ യുവതി യുവാക്കൾക്ക് തൊഴിൽ നൽകുവാനും ഈ പദ്ധതി മുഖേന സാധ്യമായിട്ടുണ്ട്.

**<u>സാമൂഹ്യപഠന മുറി</u>**

പട്ടിക വർഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 100 പട്ടികവർഗ കോളനികളിൽ സാമൂഹ്യപഠന മുറികൾ ആരംഭിച്ചു. 2018-19 - ൽ 150 പഠന മുറികളുടെ നിർമ്മാണം ആരംഭിക്കുകയും 84 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു.

**<u>സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി</u>**

അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസിൽ പഠിക്കുന്ന 100 പട്ടികവർഗ വിദ്യാർത്ഥികൾക്ക് വർഷം തോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകി വരുന്നു. പരിശീലനം ലഭിച്ചതിൽ 23 വിദ്യാർത്ഥികൾക്ക് വിവിധ സൈനിക - നവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **ലാപ്ടോപ്പ് വിതരണം**<br>ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷം ഇതിൻ പ്രകാരം 400 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. 2019-20 വർഷം 371 കുട്ടികൾക്ക് ലാപ് ടോപ് അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br>**സമഗ്ര - സാക്ഷരതാ പദ്ധതി**<br>പട്ടികവർഗ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത ഇല്ലാതാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്.<br>പട്ടിക വർഗ കോളനികളിൽ സാക്ഷരത മിഷൻ മുഖേന പഠന ക്ലാസുകൾ നടത്തി വിവിധ ക്ലാസുകളിലെ തുല്യതാ പരീക്ഷയ്ക്ക് പട്ടികവർഗക്കാരെ പ്രാപ്തരാക്കുതാണ് ടി പദ്ധതിയുടെ ലക്ഷ്യം. 2018-ൽ 1996 പേർക്ക് സാക്ഷരതാ പദ്ധതി വഴി പ്രാഥമിക വിദ്യഭ്യാസം ലഭിച്ചു. നാലംതരം തുല്യതാ പരീക്ഷയിൽ 1555 പേരും ഏഴാം തരം തുല്യതാ പരീക്ഷയിൽ 959 പേരും പങ്കെടുത്തു. റിസൽട്ട് പ്രഖ്യാപിച്ച് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതോടെ പദ്ധതി പൂർത്തീകരിക്കുന്നതാണ്.<br>**വിദേശപഠനത്തിനുള്ള ധനസഹായം**<br>സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളോടെ വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>**അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി**<br>സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ്സ് മുതലുള്ള തുടർ പഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസ് വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് 10-ാം ക്ലാസ്സുവരെ സ്കോളർഷിപ്പ് നൽകുന്നു.<br>**<u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം</u>**<br>അക്കാഡമിക്-കലാ-കായിക മൽസരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി, +2 പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും, ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിലും പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.<br>**<u>മെഡിക്കൽ / എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം</u>**<br>മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000/-രൂപയ്ക്കു താഴെ) പ്രാരംഭ ചെലവിനത്തിൽ 5,000/- രൂപ ധനസഹായം നൽകി വരുന്നു.<br>**<u>പട്ടികവർഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം</u>**<br>+2 സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളെ +2 കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത്, എം.ബി.ബി.എസ്/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരു മാസത്തെ ക്രാഷ് കോഴ്സ്, 10 മാസത്തോളം നീണ്ടു നിൽക്കുന്ന റിപ്പീറ്റിംഗ് കോഴ്സ് എന്നിവ നടത്തുന്നു.<br>**<u>ഭാരത ദർശൻ അഥവാ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര</u>**<br>മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണ് ഭാരത ദർശൻ. ഭാരത ദർശൻ പരിപാടിക്കു പുറമെ പഠനത്തിൽ മികവ് പുലർത്തുന്ന +2, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിഗ്രി, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ വദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി |

| | | | |
|---|---|---|---|
| | | | വിനോദയാത്രയും പഠനയാത്രയ്ക്കു വേണ്ടിയുള്ള സാമ്പത്തിക സഹായവും അനുവദിച്ച വരുന്നു.<br><br>**നൈപുണ്യ വികസന പദ്ധതികൾ**<br><br>നൈപുണ്യ വികസന രംഗത്ത് വലിയ ഇടപെടലുകളാണ് ഈ സർക്കാർ നടത്തി വരുന്നത്. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത സർക്കാർ/സ്വകാര്യ തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഏറ്റവും തൊഴിൽ സാധ്യതയുള്ള 26 കോഴ്സുകളിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. വിവിധ മേഖലകളിൽ പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ വിദേശ തൊഴിലവസരങ്ങൾ ലഭ്യമാകുന്നു.<br><br>വിജയകരമായി പരിശീലനം പൂർത്തിയാക്കി വിദേശത്ത് പോകാൻ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് യാത്രാ ചെലവിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി സാമ്പത്തിക സഹായം നൽകി വരുന്നു.<br><br>ഇതിനോടകം 5431 പേർക്ക് പരിശീലനവും പെയ്സ്മെന്റ് ഉറപ്പ് വരുത്തുന്ന നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇവരിൽ 1725 പേർക്ക് 2019-20-ൽ പരിശീലന പരിപാടി ആരംഭിച്ചു 23 പേർക്ക് വിദേശത്ത് പ്ലെയ്സ്മെന്റ് ലഭിച്ചു നടപ്പ വർഷം 1050 പേർക്ക് ഗോത്ര ജീവിക പദ്ധതിയുടെ രണ്ടാം ഘട്ട പരിശീലനത്തിനായി ഭരണാനുമതി നൽകി.<br><br>**കരിയർ ഗൈഡൻസ് ജോബ് ഫെയർ:**<br><br>2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു കൂടാതെ 2019-20 ജൂലൈ മാസത്തിൽ എല്ലാ ജില്ലകളിലും തൊഴിൽ അവബോധ ക്യാമ്പ് സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ, നഴ്സിംഗ്, ബിരുദം തുടങ്ങിയവ കരസ്ഥമാക്കിയ 200 - ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിയ്ക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.<br><br>**അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്:**<br><br>വനിതാശാക്തീകരണത്തിന്റെ ഭാഗമായി 2018-19 |

-ൽ അട്ടപ്പാടിയിലെ 291 പട്ടികവർഗ്ഗ യുവതികൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി ഒരു സൊസൈറ്റി രൂപീകരിച്ച് അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് എന്ന പേരിൽ വസ്ത്രനിർമ്മാണ ഫാക്ടറി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2019-20 അധ്യയന വർഷത്തെ യൂണിഫോമും നൈറ്റ് ഡ്രെസുകളും ഇവിടെ നിന്നും തയ്ച്ച നൽകി.

**<u>സെന്റർ ഓഫ് സ്കിൽ എക്സലൻസ്:</u>**

വകുപ്പിന്റെ കീഴിൽ 2017-18 – ൽ തിരുവനന്തപുരം മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലന സ്ഥാപനം ആരംഭിച്ചു. പട്ടിക വർഗ്ഗ യുവതീ യുവാക്കൾക്ക് ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുക എന്നതാണ് ടി സ്ഥാപനത്തിന്റെ ലക്ഷ്യം. 300 ഓളം വിദ്യാർത്ഥികൾക്ക് ഒരേ സമയം പരിശീലനം നൽകുന്നതിന് സാധിക്കുന്ന ഈ സ്ഥാപനത്തിന്റെ ആദ്യ ബാച്ചിൽ 70 കുട്ടികൾ പരിശീലനം പൂർത്തിയാക്കി വരുന്നു.

**<u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും</u>**

വകുപ്പിന് കീഴിലുള്ള 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 6070 വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു. ഈ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നിന് സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലാംഗ്വേജ് ലാബ്, സ്കൂൾ റേഡിയോ, സി.സി.റ്റി.വി., സോളാർ പവർ പ്ലാന്റ്, മൾട്ടി പർപ്പസ് സിന്തറ്റിക് കോർട്ട്, മിനി മാസ്റ്റ് ലൈറ്റ്, മിന്നൽ രക്ഷാചാലകം, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, ജലശുദ്ധീകരണ പ്ലാന്റ്, സിന്തറ്റിക് ട്രാക്ക്, സ്റ്റീം അടുപ്പുകൾ, ഫയർ എക്സ്റ്റിംഗ്വിഷർ സിസ്റ്റം, ഓട്ട്ഡോർ ഫിറ്റ്നെസ് സെന്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുന്നതിനുള്ള നടപടി പ്രാരംഭ ഘട്ടത്തിലാണ്.

എം.ആർ.എസ്. കണിയാമ്പറ്റയിൽ ആർച്ചറി പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാർത്ഥികളുടെ സ്വഭാവ വൈകാരിക

മാനസിക പ്രശ്നങ്ങൾക്ക് വിദഗ്ധ പരിചരണം ഉറപ്പ വരുത്തുന്നതിലേക്ക് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഔർ റസ്പോൺസബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ ആറളത്ത് പുതിയ എം.ആർ.എസ് ആരംഭിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചലിൽ ഉള്ള എം.ആർ.എസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി ആരംഭിച്ചു കൂടാതെ പുതുതായി ഒരു എം.ആർ.എസ്.ഉം ഒരു സ്പോർട് സ് സ്കൂളും ആരംഭിക്കുന്നതിന് പ്രാരംഭ നടപടി സ്വീകരിച്ചിട്ടുമുണ്ട്.

**<u>ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും</u>**

വകുപ്പിന് കീഴിൽ 105 പ്രീ–മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. 7017 കുട്ടികൾ ഈ ഹോസ്റ്റലുകളിൽ താമസിച്ച് പഠനം നടത്തുന്നു. 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ ആറെണ്ണം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചവയാണ്.

ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിക്കുന്ന മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം രണ്ട് പ്രീ–മെട്രിക് ഹോസ്റ്റലുകളുടെയും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെയും കെട്ടിട നിർമാണം പൂർത്തീകരിച്ച് ഉദ് ഘാടനം നിർവഹിച്ചിട്ടുണ്ട്.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് 4 പ്രീ–മെട്രിക് ഹോസ്റ്റലും 2 പോസ്റ്റ്മെട്രിക് ഹോസ്റ്റലും ഒരു യൂത്ത് ഹോസ്റ്റലും, നാട്ടുകാണി ഐ.റ്റി.ഐയിൽ അക്കാദമിക് ബ്ലോക്കും ഹോസ്റ്റൽ ബ്ലോക്കും (2 എണ്ണം) നിർമ്മിക്കുന്നതിന് അനുമതി നൽകുകയും 3 പ്രീ–മെട്രിക് ഹോസ്റ്റലിന്റെയും നാട്ടുകാണി ഐ.റ്റി.ഐ യിൽ ഹോസ്റ്റൽ - അക്കാദമിക് ബ്ലോക്കിന്റെയും പ്രവർത്തനോദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. 4 ഹോസ്റ്റലുകൾ പുതുതായി നിർമ്മിക്കുന്നതിനുള്ള കേന്ദ്രാനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള

| | | | |
|---|---|---|---|
| | | | ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസ് എക്സാമിനേഷൻ ട്രയിനിംഗ് സൊസൈറ്റി മുഖേന പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആൾ ഇന്ത്യ സിവിൽ സർവീസിൽ പ്രവേശനം ലഭിക്കാൻ ഒരു വർഷത്തെ പ്രത്യേക പരിശീലനം നൽകുന്നു. സൗജന്യ താമസ സൗകര്യം, മികച്ച ലൈബ്രറി സംവിധാനം ഉൾപ്പടെ എല്ലാ ആനുകൂല്യങ്ങളും ഇതോടൊപ്പം ലഭ്യമാക്കുന്നു.<br><br>ജുഡീഷ്യൽ സർവീസിൽ പട്ടികവർഗക്കാർക്ക് പ്രവേശനം ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ച് 2018-19 സാമ്പത്തികവർഷം തിരുവനന്തപുരം ലോ കോളേജുമായി ചേർന്ന് ജുഡീഷ്യൽ സർവീസ് പരീക്ഷാ പരിശീലനം നടത്തുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നുള്ള പട്ടികവർഗ വിദ്യാർത്ഥികളാണ് പരിശീലനം നേടുന്നത്.<br><br>**<u>മത്സര പരീക്ഷ പരിശീലനം</u>**<br><br>മുൻസിഫ്/മജിസ്ട്രേറ്റ് തസ്തികകൾ, ഉയർന്ന തൊഴിൽ സാധ്യതയുള്ള മറ്റു മേഖലകൾ, പട്ടിക വർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന തസ്തികകൾ എന്നിവയിൽ മതിയായ യോഗ്യത യുണ്ടായിട്ടും പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ മത്സര പരീക്ഷകളിൽ വിജയിക്കാത്ത സാഹചര്യം മനസ്സിലാക്കി ഗവ. ലോ കോളേജുമായി ചേർന്ന് എൽ.എൽ.ബി പാസ്സായ 7 പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. ഇതിൽ 4 പേർ പ്രിലിമിനറി പരീക്ഷ പാസ്സായി മെയിൻ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു.<br><br>**<u>എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സ്പെഷ്യൽ ഡ്രൈവ്</u>**<br><br>തൊഴിൽ വകുപ്പുമായി ചേർന്ന്, തൊഴിൽ രഹിതരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു |
| ഡി) | പട്ടികവിഭാഗങ്ങളുടെ ഇടയിലെ സ്ത്രീ-സൗഹൃദ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | ഡി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്രവികസനത്തിനായി വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി പെൺകുട്ടികൾക്ക് 75,000/- രൂപ വിവാഹ ധനസഹായമായി നൽകി വരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കു വേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബത്തിന് 2 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നുണ്ട്. കുടുംബശ്രീ മുഖേന വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>പട്ടികവർഗ്ഗ സ്ത്രീകളുടെ ശാക്തീകരണത്തിനായി കുടുംബശ്രീ, മഹിളാ സമഖ്യ സൊസൈറ്റി, പട്ടിക ജാതി പട്ടികവർഗ്ഗ സഹകരണ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന ഉദ് പാദന വിപണന യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. അട്ടപ്പാടിയിൽ 291 വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി അഡാപ്പ് എന്ന പേരിൽ ഒരു സൊസൈറ്റിയായി വസ്ത്ര നിർമ്മാണശാല ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി വയനാട്, പാലക്കാട്, തിരുവനന്തപുരം ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | ഇ ഗവേണൻസ് വ്യാപിപ്പിക്കുന്നത് വഴി ഈ മേഖലയിൽ ഉണ്ടാകുന്ന പുരോഗതി വ്യക്തമാക്കുമോ? | ഇ) | ഇ-ഗവേണൻസ് വ്യാപകമാക്കിയതിനാൽ പട്ടിക ജാതി വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾ കൃത്യമായും ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താനാകുന്നു. ഇടനിലക്കാരെ ഒഴിവാക്കി ഗുണഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ നേരിട്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനായി ഇ-ഗവേണൻസിന്റെ സഹായത്തോടെ നൂതന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. എല്ലാ പദ്ധതിയുടെയും ആനുകൂല്യങ്ങൾ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് നൽകുന്നത്. ഇ-ഗവേണൻസ് മുഖാന്തിരം ആനുകൂല്യം വളരെ വേഗം ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഗവേണൻസ് വ്യാപിപ്പിക്കുന്നത് വഴി ഭരണപരമായ കാര്യങ്ങൾക്ക് സുതാര്യതയും കാര്യക്ഷമതയും ഉറപ്പു വരുത്തുന്നു. വിവിധ സർക്കാർ ഏജൻസികളും സ്റ്റാർട്ട് അപ് സ്ഥാപനങ്ങളുമായി സഹകരിച്ച് സർക്കാർ അനുമതിയോടു കൂടി ഇ-ഗവേണൻസ് നടപ്പിലാക്കി വരുന്നു. ഗുണഭോക്താക്കൾക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാക്കാനും, ഡിജിറ്റൽ സംവിധാനത്തിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഇതിലൂടെ സാധ്യമാകുന്നു. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ കെ-സ്വാൻ കണക്ടിവിറ്റിയും എല്ലാ ഓഫീസുകളിലും ലാൻ കണക്ടിവിറ്റിയും നൽകുന്ന നടപടി പൂർത്തീകരിച്ച് വരുന്നു. ഡിജിറ്റൽ ആൻഡ്രോയിഡ് പ്ലാറ്റ് ഫോമിൽ പട്ടിക വർഗ്ഗക്കാരുടെ അടിസ്ഥാന വിവര ശേഖരണം പൂർത്തീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**